# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.254** — 28.01.2019 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## ചെറൂപ്പ സി.എച്ച്.സി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ.റഹീം:** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ മന്ത്രി) |
| എ) കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഫെസിലിറ്റേഷൻ സെന്ററായ ചെറൂപ്പ സി.എച്ച്.സി. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| ബി) എം.എൽ.എ.യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ കെട്ടിട നിർമ്മാണം പൂർത്തിയായ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; | (ബി) ഡയാലിസിസ് സെന്റർ കെട്ടിടത്തിന്റെ മുകൾ നിലയിലാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ രോഗികളുടെ സൗകര്യാർത്ഥം ഡയാലിസിസ് സെന്റർ താഴത്തെ നിലയിലേയ്ക്ക് മാറ്റുന്നതിനും താഴത്തെ നിലയിൽ പ്രവർത്തിച്ചുവരുന്ന ജെറിയാട്രിക് ബ്ലോക്ക് മുകൾ നിലയിലേയ്ക്ക് മാറ്റുന്നതിനും തീരുമാനിച്ചതിനെത്തുടർന്ന് മുകൾ നിലയിലേയ്ക്ക് മാറ്റുന്ന ടി ബ്ലോക്കിനുവേണ്ടി റാമ്പ് പണിയുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുമരാമത്ത് (സിവിൽ) വിഭാഗത്തിന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതാണ്. |
| സി) മെഡിക്കൽ കോളേജ് വികസന സമിതി ഡയാലിസിസ് സെന്ററിന്റെ നടത്തിപ്പ് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; | (സി) ഡയാലിസിസ് സെന്ററിന്റെ നടത്തിപ്പിനായി മെഡിക്കൽ കോളേജിലെ ഡയാലിസിസ് യൂണിറ്റുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടി മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി പരിശോധിക്കുന്നതാണ്. |

| | |
|---|---|
| ഡി) ഈ സ്ഥാപനം മാവൂർ ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും പഞ്ചായത്തിന് യാതൊരു നിയന്ത്രണവും ഇല്ലാത്തതുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനെ നിയമിക്കാൻ സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഇ) മാവൂർ ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി. അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ